REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 10-04-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഭരണത്തിന്റെ നന്മ എല്ലാ ജനങ്ങൾക്കും ലഭ്യമാകുമ്പോഴാണ് ഭരണം സാർത്ഥകമാകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. K- സ്മാർട്ട് പദ്ധതിക്ക് എല്ലാ ത്രിതല പഞ്ചായത്തുകളിലും തുടക്കമായി.**
- **സംസ്ഥാനത്ത് സപ്ലൈകോ വിഷു - ഈസ്റ്റർ ഫെയറുകൾ ആരംഭിച്ചു.**
- **സംസ്ഥാനത്തെ കടൽത്തീരം മാലിന്യമുക്തമാക്കുന്ന ശുചിത്വസാഗരം സുന്ദരതീരം പരിപാടി നാളെ.**
- **കൊല്ലം പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിന്റെ ഒൻപതാം ഓർമ്മദിനം ഇന്ന്.**
- **IPL ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ബംഗലൂരു റോയൽ ചലഞ്ചേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഭരണത്തിന്റെ നന്മ എല്ലാ ജനങ്ങൾക്കും ലഭ്യമാകുമ്പോഴാണ് ഭരണം സാർത്ഥകമാകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഗവൺമെന്റ് ഓഫീസുകൾ കൂടുതൽ ജനസൗഹൃദമാകേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തിരുവനന്തപുരത്ത് K-സ്മാർട്ട് പദ്ധതി ത്രിതല പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. മന്ത്രി MB രാജേഷ് ചടങ്ങിൽ അധ്യക്ഷനായിരുന്നു.

നിലവിൽ K-സ്മാർട്ട് വിന്യസിച്ച 87 മുൻസിപ്പാലിറ്റികൾക്കും 6 കോർപറേഷനുകൾക്കുമൊപ്പം 941 ഗ്രാമ പഞ്ചായത്തുകളിലും 152 ബ്ലോക്ക്, 14 ജില്ല പഞ്ചായത്തുകളിലും K സ്മാർട്ട് ലഭ്യമാവും. കെ-സ്മാർട്ട് ആപ്ലിക്കേഷൻ ഗ്രാമപഞ്ചായത്തുകളിൽ വിന്യസിക്കുന്നതിന്റെ ഭാഗമായുള്ള പൈലറ്റ് ലോഞ്ച് തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ 2025 ജനുവരി 1 മുതൽ ആരംഭിച്ചിരുന്നു

ജനന-മരണ-വിവാഹ രജിസ്ട്രേഷൻ മുതൽ വസ്തു നികുതിയും, കെട്ടിട നിർമാണ പെർമിറ്റും വരെ നിരവധി സേവനങ്ങൾ K- സ്മാർട്ടിലൂടെ ലഭിക്കും. സമയബന്ധിതമായി സേവനം ഉറപ്പാക്കാനും ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും അഴിമതി സാധ്യത പരമാവധി ലഘൂകരിക്കാനും K- സ്മാർട്ട് വഴി കഴിയും.

ഇൻഫർമേഷൻ കേരളാ മിഷൻ രൂപകൽപ്പന ചെയ്ത പ്ലാറ്റ്ഫോമാണ് K-സ്മാർട്ട്. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം പ്രാദേശിക ഗവൺമെന്റുകളുടെ എല്ലാ സേവനങ്ങളും ഓൺലൈനിൽ ഒരുക്കിനൽകുന്നത്.

✪✪✪

സംസ്ഥാനത്ത് സപ്ലൈകോ വിഷു - ഈസ്റ്റർ ഫെയറുകൾക്ക് തുടക്കമായി. ഈ മാസം 19 വരെയാണ് ഫെയറുകൾ. എല്ലാ താലൂക്കുകളിലെയും ഒരു പ്രധാന വിൽപനശാല കേന്ദ്രീകരിച്ചാണ് ഫെയർ ക്രമീകരിച്ചിരിക്കുന്നത്. കൺസ്യൂമർ ഫെഡിന്റെ വിഷു - ഈസ്റ്റർ സഹകരണ ചന്തകളും വെള്ളിയാഴ്ച മുതൽ ഈ മാസം 21 വരെ തുറന്ന് പ്രവർത്തിക്കും. ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ഉൾപ്പെടെ 170 കൺസ്യൂമർ ഫെഡ് വിപണന കേന്ദ്രങ്ങളാണ് സംസ്ഥാനത്ത് ക്രമീകരിക്കുന്നത്.

✪✪✪

ഗുണമേന്മയേറിയ ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് എത്തിക്കാൻ പൊതു വിതരണ മേഖലയ്ക്ക് അധിക തുക അനുവദിച്ചെന്ന് മന്ത്രി K.N ബാലഗോപാൽ അറിയിച്ചു. പുത്തൂർ ചന്തമുക്കിൽ നവീകരിച്ച കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സൂപ്പർമാർക്കറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നവംബർ മാസത്തോടെ അതിദരിദ്രർ ഇല്ലാത്ത കേരളമായി സംസ്ഥാനത്തെ പ്രഖ്യാപിക്കും.

✪✪✪

ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. പദ്ധതിയിലൂടെ ഓരോ ഗുണഭോക്തൃ

കുടുംബത്തിനും പ്രതിവർഷം അഞ്ച് ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ പരിരക്ഷ ലഭിക്കും. കേന്ദ്ര മന്ത്രി JP നദ്ദയും ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്തയും ചടങ്ങിൽ ഗുണഭോക്താക്കൾക്ക് ആയുഷ്മാൻ കാർഡുകൾ വിതരണം ചെയ്യും.

✪✪✪

2024 ജനുവരി - ഡിസംബർ കാലത്ത് ഗ്രാമീണ ഭാരതത്തിലെ തൊഴിലില്ലായ്മ നിരക്ക് നേരിയ തോതിൽ കുറഞ്ഞതായി പിരിയോഡിക് ലേബർ ഫോഴ്സ് സർവെയിൽ പറയുന്നു. 4.3 ശതമാനത്തിൽ നിന്ന് 4.2 ശതമാനമായാണ് തൊഴിലില്ലായ്മ കുറഞ്ഞത്.

✪✪✪

മുണ്ടക്കൈ, ചൂരൽമല ദുരിത ബാധിതരുടെ വായ്പ എഴുതിത്തള്ളില്ലെന്ന കേന്ദ്രനിലപാട് ആശാസ്യമല്ലെന്ന് പ്രിയങ്ക ഗാന്ധി MP അഭിപ്രായപ്പെട്ടു. ദുരിതബാധിതർ വീടും, സ്ഥലവും, ജീവിതമാർഗ്ഗവും നഷ്ടപ്പെട്ടവരാണ്. അവരുടെ വായ്പ പുനഃക്രമീകരിക്കാൻ മാത്രമേ കഴിയൂ എന്ന കേന്ദ്രനിലപാട് നിസ്സംഗതയാണെന്നും അവർ വാർത്താകുറിപ്പിൽ അറിയിച്ചു.

✪✪✪

കേരളത്തിലെ കടൽ തീരങ്ങൾ പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുന്ന ഏകദിന ശുചിത്വസാഗരം സുന്ദരതീരം പരിപാടി നാളെ നടത്തും. വിവിധ സംഘടനകളുടെയും, ഫിഷറീസ് വകുപ്പിന്റെയും, ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും. മലപ്പുറം ജില്ലയിൽ പാലപ്പെട്ടി മുതൽ കടലുണ്ടി നഗരം വരെയാണ് ശുചീകരണം.

✪✪✪

സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലെ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 24 ആയി വർദ്ധിച്ചു. ഇവയുടെ സഞ്ചിത പ്രവർത്തനലാഭം 134 കോടി 56 ലക്ഷം രൂപയായി ഉയർന്നെന്ന് മന്ത്രി P രാജീവ് അറിയിച്ചു. നേരത്തെ 18 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്.

✪✪✪

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ മാലിന്യ സംസ്കരണത്തിന് മികച്ച പ്രവർത്തനം കാഴ്ചവെച്ചതിന് കണ്ണൂർ ജില്ലയ്ക്ക് പുരസ്കാരം. ഹരിത ശുചിത്വ മാലിന്യ സംസ്കരണ മേഖലകളിൽ ജില്ല, കഴിഞ്ഞ ഏതാനും

വർഷങ്ങളായി നടത്തിയ പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരമാണ് പുരസ്കാരമെന്ന് ഹരിത കേരള മിഷൻ ജില്ലാ കോഡിനേറ്റർ E.K സോമശേഖരൻ ആകാശവാണിയോട് പറഞ്ഞു.

.......(വോയ്സ്)............

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ബംഗലൂരു റോയൽ ചലഞ്ചേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ബംഗലൂരുവിലാണ് മത്സരം.

✪✪✪

ചൈനയിൽ ബാഡ്മിന്റൺ ഏഷ്യാ ചാമ്പ്യൻഷിപ്പ് സിംഗിൾസിൽ ഇന്ത്യൻ താരങ്ങളായ P.V സിന്ധു, പ്രിയാൻഷു രജാവത്, കിരൺ ജോർജ് എന്നിവർ പ്രീ-ക്വാർട്ടറിലെത്തി. പുരുഷ ഡബിൾസിൽ ഇന്ത്യയുടെ റൂബൻ കുമാർ റെതിന സബാപതി, ഹരിഹരൻ അംസകരുണൻ എന്നിവരും പ്രീ-ക്വാർട്ടറിൽ പ്രവേശിച്ചു.

✪✪✪

അന്തരാഷ്ട്ര സർഫിങ് ഫെസ്റ്റിവലിന്റെ രണ്ടാം പതിപ്പ് വൈകീട്ട് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. വർക്കലയിൽ ഞായറാഴ്ച വരെയാണ് ഫെസ്റ്റിവൽ. ദേശീയ, അന്തർ ദേശീയ വിഭാഗങ്ങളിലായി 60-ൽ പരം മത്സരാർത്ഥികൾ പങ്കെടുക്കും.

✪✪✪

ശബരിമലയിൽ പൈങ്കുനി ഉത്രം മഹോത്സവത്തിന്റെ ഭാഗമായി ഇന്ന് രാത്രി ശരംകുത്തിയിൽ പള്ളിവേട്ട നടക്കും. നാളെ രാവിലെ 11-നാണ് പമ്പയിലെ ആറാട്ട്.

ഘോഷയാത്ര രാവിലെ എട്ടരയോടെ സന്നിധാനത്ത് നിന്ന് പമ്പയിലേക്ക് പുറപ്പെടും. ആറാട്ടിനു ശേഷം ശബരീശനെ പമ്പാ ഗണപതി ക്ഷേത്രത്തിലെ മണ്ഡപത്തിലേക്ക് ആനയിക്കും. വൈകിട്ട് നാലു വരെ സ്ത്രീകളടക്കം ഭക്തജനങ്ങൾക്ക് ഭഗവാന് മുന്നിൽ പറയിടാൻ അവസരവും ലഭിക്കും.

വൈകിട്ട് നാലിനാണ് പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് മടക്കയാത്ര. തുടർന്ന്, രാത്രി ഉത്സവത്തിന് കൊടിയിറങ്ങും.

✪✪✪

തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോട് അനുബന്ധിച്ച പള്ളിവേട്ട ഇന്ന് നടക്കും. രാത്രി ഉത്സവ ശ്രീബലിക്കു ശേഷം വേട്ടയ്ക്ക് എഴുന്നള്ളിക്കും. ശ്രീ പദ്മനാഭസ്വാമിയുടെ വില്ലേന്തിയ വിഗ്രഹം, സ്വർണ ഗരുഡ വാഹനത്തിലും, തിരുവമ്പാടി ശ്രീകൃഷ്ണ സ്വാമിയെയും നരസിംഹ മൂർത്തിയെയും വെള്ളി വാഹനത്തിലും എഴുന്നള്ളിക്കും.

നാളെ വൈകിട്ട് അഞ്ചോടെ ആറാട്ട് ചടങ്ങുകൾ ആരംഭിക്കും. പൈങ്കുനി ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ നാളെ വൈകിട്ട് 4.45 മുതൽ രാത്രി 9 വരെ അടച്ചിടും.

✪✪✪

ഇന്ന് കൊല്ലം പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിന്റെ ഒൻപതാം ഓർമ്മദിനം. 2016 ഏപ്രിൽ പത്തിനായിരുന്നു കേരളത്തെ നടുക്കിയ ദുരന്തം.

ആകാശവാണി കൊല്ലം പ്രതിനിധി നീരജ് ലാലിന്റെ റിപ്പോർട്ട്....

....(വോയ്സ്)......

✪✪✪

മലപ്പുറത്ത് വീട്ടിലെ പ്രസവത്തെ തുടർന്ന് യുവതി മരിച്ച സംഭവത്തിൽ ഒരാളെ കൂടി പൊലീസ് കസ്റ്റഡിയിൽ എടുത്തു. പ്രസവം എടുക്കാൻ സഹായിച്ച ഒതുക്കുങ്ങൽ സ്വദേശി ഫാത്തിമയെയാണ് മലപ്പുറം പൊലീസ് കസ്റ്റഡിയിൽ എടുത്തത്. സംഭവത്തിൽ മരിച്ച അസ്മയുടെ ഭർത്താവിനെ നേരത്തെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.

✪✪✪

ഇന്ന് ലോക ഹോമിയോപ്പതി ദിനം. ഹോമിയോപ്പതിയുടെ ഉപജ്ഞാതാവ് ഡോ. സാമുവൽ ഹാനിമാന്റെ ജന്മദിനമായ ഏപ്രിൽ 10 ആണ് ലോക ഹോമിയോപ്പതി ദിനമായി ആചരിക്കുന്നത്.

✪✪✪

ലഹരിക്കെതിരെ വാർഡ് തലത്തിൽ പൊലീസിനെ ഉൾപ്പെടുത്തി ജനകീയ കൂട്ടായ്മകൾ രൂപീകരിക്കുമെന്ന് കണ്ണൂർ റേഞ്ച് DIG , G.H യതീഷ് ചന്ദ്ര പറഞ്ഞു.

കോഴിക്കോട് റൂറൽ ജില്ലാ പോലീസിന്റെ ജനകീയ പ്രതിരോധ കൂട്ടായ്മ താമരശ്ശേരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

കൊല്ലം കണ്ണനല്ലൂരിൽ എട്ടര കിലോ കഞ്ചാവ് എക്സൈസ് എൻഫോഴ്സ്മെന്റ് പിടികൂടി. സംഗീത് എന്ന വ്യക്തിയുടെ പക്കൽ നിന്നാണ് കഞ്ചാവ് കണ്ടെടുത്തത്.

✪✪✪

3 ഗ്രാം ഹെറോയിനുമായി ബംഗാൾ സ്വദേശിയും കൊല്ലത്ത് പിടിയിലായി. നഗരത്തിൽ ലഹരി കച്ചവടം നടത്തിയ അൻവറാണ് പിടിയിലായത്.

✪✪✪

വയനാട് മാനന്തവാടിയിൽ നിന്ന്, അനധികൃതമായി സൂക്ഷിച്ച 252 ലിറ്റർ മദ്യവുമായി രണ്ടുപേർ പിടിയിലായി. മാഹിയിൽ നിന്ന് വില്പനയ്ക്ക് എത്തിച്ച മദ്യവുമായി ജ്യോതിഷ്, അജിത് എന്നിവരാണ് എക്സൈസിന്റെ പിടിയിലായത്.

✪✪✪

കോടതി ഫീസ് വർദ്ധിപ്പിച്ച സംസ്ഥാനത്തിന്റെ തീരുമാനം ഉടൻ പിൻവലിക്കണമെന്ന് BJP ലീഗൽ സെൽ സംസ്ഥാന സമിതി ആവശ്യപ്പെട്ടു. നിയമ പരിരക്ഷ എല്ലാവർക്കും ലഭ്യമാകാതിരിക്കാൻ ഫീസ് വർദ്ധന കാരണമാകുമെന്നും ലീഗൽ സെൽ കൊച്ചിയിൽ പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

സെക്രട്ടേറിയറ്റിനു മുന്നിൽ ആശാ പ്രവർത്തകരുടെ സമരം ഇന്ന് 60-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരം 22-ാം ദിവസത്തിലേക്കും പ്രവേശിച്ചു.

✪✪✪

---

.

*News Editor: പി ചന്ദ്രബാബു*
*News Reader: അനുഷ ആത്മപ്രകാശ്*
*News Team: അനിൽചന്ദ്രൻ*
*DEO: ഷീബ*